അവശകലാകാരന്മാർക്ക് പെൻഷൻ

69 [1076] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അവശ കലാകാരന്മാർക്ക് പെൻഷനുൾപ്പെടെയുള്ള ധനസഹായം പുതുതായി അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്താമോ;

(ബി) ഈ വർഷം പ്രസ്തുത ആനുകൂല്യങ്ങൾക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ;

(സി) അർഹതപ്പെട്ട മുഴുവൻ അവശ കലാകാരന്മാർക്കും പ്രസ്തുത ആനുകൂല്യം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 105 പേർക്ക് അവശ കലാകാര പെൻഷൻ പുതുതായി അനുവദിച്ചിട്ടുണ്ട്.

ജില്ല		എണ്ണം
തിരുവനന്തപുരം	..	19
കൊല്ലം	..	11
പത്തനംതിട്ട	..	8
ആലപ്പുഴ	..	16
കോട്ടയം	..	5
എറണാകുളം	..	7
ഇടുക്കി	..	1
തൃശ്ശൂർ	..	9
പാലക്കാട്	..	7
മലപ്പുറം	..	4
കോഴിക്കോട്	..	4
കണ്ണൂർ	..	9
കാസർഗോഡ്	..	5

കൂടാതെ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി പുതുതായി 25 അവശ സിനിമാ കലാകാരന്മാർക്ക് പെൻഷൻ നൽകിവരുന്നുണ്ട്.

തിരുവനന്തപുരം	..	15
ആലപ്പുഴ	..	1
കോട്ടയം	..	2
കന്യാകുമാരി	..	1
ചെക്കന	..	6

LIBRARY ARCHIVES Kerala Legislative Assembly

ഈ കാലയളവിൽ 13 പേർക്ക് ചികിത്സാ ധനസഹായം നൽകിയിട്ടുണ്ട്.

ജില്ല		എണ്ണം
തിരുവനന്തപുരം	..	4
കൊല്ലം	..	2
പത്തനംതിട്ട	..	1
ആലപ്പുഴ	..	2
കോട്ടയം	..	1
തൃശ്ശൂർ	..	1
പാലക്കാട്	..	1
കാസർഗോഡ്	..	1

ചലച്ചിത്ര അക്കാദമി 7 പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

ശബരിമല സന്നിധാനത്ത് സ്റ്റീം ചേംബറിനടുത്ത് ഉണ്ടായ തീപിടുത്തം

70 [1077] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സന്നിധാനത്ത് അരവണയുണ്ടാക്കുന്ന സ്റ്റീം ചേംബറിനടുത്ത് എന്നാണ് തീപിടുത്തമുണ്ടായത്;

(ബി) തീപിടുത്തത്തെത്തുടർന്ന് എന്തൊക്കെ നാശനഷ്ടങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) തീപിടുത്തം ഉണ്ടായതിനെപ്പറ്റി ഏതുതരത്തിലുള്ള അന്വേഷണത്തിനാണ് സർക്കാർ ഉത്തരവിട്ടിട്ടുള്ളത്;

(ഡി) ഇതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഇതിന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിലെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) ഇതിന് കാരണക്കാരായവരുടെ പേരിൽ എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(എഫ്) മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് എന്തൊക്കെ സുരക്ഷാ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 5-12-2003-ലാണ് തീപിടുത്തമുണ്ടായത്.

(ബി) അഗ്നിബാധമൂലമുണ്ടായ നഷ്ടം കൃത്യമായി തിട്ടപ്പെടുത്തിക്കഴിഞ്ഞിട്ടില്ല. തീപിടുത്തത്തിൽ അരവണ നിർമ്മാണക്കമ്പനിയായ മെസേഴ്സ് 'പഞ്ചമി പായ്ക്ക്' എന്ന സ്ഥാപനത്തിന്റേതായി സൂക്ഷിച്ചിരുന്ന ഉപയോഗശൂന്യമായ കണ്ടെയ്നറുകളും മറ്റും ഭാഗികമായി കത്തിനശിച്ചതിനുപുറമേ തീ അണയ്ക്കുന്നതിനുള്ള ശ്രമത്തിനിടയിൽ കെട്ടിടത്തിന്റെ ജനാല ചില്ലുകൾക്കും ചില ഫാനുകൾക്കും മറ്റും കേടുപാടുകൾ ഉണ്ടായിട്ടുണ്ടെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly